HON'BLE MR. T. M. VARGHESE: (എ) കളച്ചൽ പീയറിനെ പ്പററി റിപ്രസന്റേഷൻ കിട്ടിയിട്ടുണ്ട്.

(ബി) ഗവണ്മെൻറ് അക്കാര്യത്തെപ്പററി പര്യാലോചിക്കുകയും തൽക്കാലം അതു വേണ്ടെന്നുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

MR. D. GNANASIGAMONI: Are the Government aware that it is a long felt need?

HON'BLE MR. T. M. VARGHESE: ഫൻസ-ൽ ഇതേപ്പററിയുള്ള പരിഗണനകൾ ഉണ്ടായിട്ടുണ്ട്. അതു് ഉണ്ടാക്കേണ്ടതിന്റെ ആവശ്യം ഗവൺമെൻറിനു ബോദ്ധ്യപ്പെട്ടിട്ടില്ല.

MR. A. NESAMONY: Is the Government aware that monazite and other sands are being exported through Colachel?

HON'BLE MR. T. M. VARGHESE: Yes, Government are aware of the fact that monazite and allied minerals are being exported through Colachel. At present the details of the export Government are not aware of.

Revision of pay of Staff in the Government Press.

120. MR. D. GNANASIGAMONI: Will the Honourable Minister for Stationery and Printing be pleased to state:

(*a*) whether the Controller of Stationery and Printing has made any submission for a general revision of the various scales of pay as regards the establishment staff in the Government Press; and

(*b*) if so, the action taken by Government on such submission.

HON'BLE MR T. M. VARGHESE:

(എ) അങ്ങനെ റിപ്രസന്റേഷൻ കിട്ടിയിട്ടുണ്ട്.

(ബി) പൊതുവിൽ ശമ്പളംകൂട്ടുന്നതിനുള്ള നിർദ്ദേശങ്ങൾ ഗവണ്മെൻറ് സ്വീകരിച്ചുകൊണ്ട് ഇതിലേക്കും വേണ്ട നടപടികൾ നടത്തുന്നതാണ്. അതുകൊണ്ട് സ്റ്റേഷനറിയും പ്രിന്റിംഗും വകുപ്പുകളിലുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളം പ്രത്യേകം പരിഗണിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

MR. D. GNANASIGAMONI: May I know the date on which this submission is made?

HON'BLE MR. T. M. VARGHESE: The submission was made in March 1947.

HON'BLE MR. T. M. VARGHESE: ഫൻ൪ ൭ മാർച്ചിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. T. K. NARAYANA PILLAI : പൊതുവേ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ ? അതുസംബന്ധമായി എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

HON'BLE MR. T. M. VARGHESE : കുറഞ്ഞശമ്പളക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന വിഷയത്തിൽ ഗവണ്മെൻറിൻെറ ശ്രദ്ധ ഫൻ ർ ൈ മുതൽതന്നെ പതിഞ്ഞിട്ടുണ്ട്. ചില ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം മറ്റു ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തോട് അടുത്തുവരത്തക്കവണ്ണം ഒരു സ്ഥിരീകരണം നടത്തുന്നതായിരിക്കും.

MR. T. K. NARAYANA PILLAI: അതിനുള്ള നടപടികൾ നടത്തുന്നതിന് എത്ര താമസം വേണ്ടിവരുമെന്നു പറയാമോ ?

HON'BLE MR. T. M. VARGHESE: മറ്റു എല്ലാ സംഗതികളുടേയും പ്രാധാന്യത്തെ പരിഗണിച്ചു മാത്രമെ അതു നിശ്ചയിക്കാൻ. നിവൃത്തിയുള്ളൂ.

MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*): വലിയ ശമ്പളക്കാരുടെ ശമ്പളം കുറയ്ക്കുന്നതിനുകൂടി ആലോചിക്കുമോ ?

HON'BLE MR. T. M. VARGHESE : അമിതമായി ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരുണ്ടെങ്കിൽ അവരുടെ ശമ്പളം തീർച്ചയായും കുറയ്ക്കുന്നതായിരിക്കും.

Miss. ANNIE MASCARENE : ഏറ്റവും കുറഞ്ഞശമ്പളം എത്രയായിരിക്കണമെന്നു ഈ ഗവണ്മെൻറ് ഉദ്ദേശിക്കുന്നതെന്നു പറയാമോ ?

HON'BLE MR. T. M. VARGHESE : അതു് പലതും ആലോചിച്ചു പറയാൻ നിവൃത്തിയുള്ളൂ.

MR. ABDUL AZIZ : അമിതമായ ശമ്പളം എന്നു പറഞ്ഞാൽ എത്ര രൂപായ്ക്കുമേൽ എന്നാണു് അർത്ഥമാക്കേണ്ടതു് ?

HON'BLE MR. T. M. VARGHESE : സാധാരണ ചെലവിനും കുറച്ചു സുഖസൗകര്യങ്ങൾക്കും മതിയാകുന്നതു സംഖ്യയ്ക്കുമേലുള്ളതെല്ലാം അമിതമാണു്.

MR. MOHAMMED MUSTAFA: അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാർ ഗവണ്മെൻറിൻെറ കീഴിൽ ഉണ്ടോ എന്നു പറയാമോ ?

HON'BLE MR. T. M. VARGHESE : കണ്ടേയ്ക്കും.

LIBRARY ARCHIVES Kerala Legislative Assembly